## കായംകുളം നീതി മെഡിക്കൽസ്റ്റോർ

152 (1819) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തു അനുവദിച്ച നീതിമെഡിക്കൽ സ്റ്റോർ എവിടെയാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) എന്നാണ് പ്രസ്തുത നീതി മെഡിക്കൽ സ്റ്റോർ അനുവദിച്ചത് ;

(സി) ഈ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിപ്പിക്കാൻ തയ്യാറുള്ള മറ്റൊരു സഹകരണ സംഘത്തിന് മാറ്റി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ അനുവദിച്ച നീതി മെഡിക്കൽസ്റ്റോർ പ്രവർത്തിപ്പിക്കാൻ താൽപ്പര്യമുള്ള സംഘത്തിന് അനുവദിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ ;

(ഇ) ഇപ്പോൾ അനുവദിച്ച സംഘം തന്നെ അത് തുടങ്ങാൻ കഴിയുമെങ്കിൽ സമയബന്ധിതമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കായംകുളം താലൂക്കാശുപത്രിയോട് ചേർന്ന് നടത്തുന്നതിനായി 1596-ാം നമ്പർ കായംകുളം വില്ലേജ് സർവ്വീസ് സഹകരണ സംഘത്തിന് അനുവദിച്ച നീതി മെഡിക്കൽ സ്റ്റോർ ആരംഭിച്ചിട്ടില്ല.

(ബി) സഹകരണസംഘം രജിസ്ട്രാറുടെ 24-9-1998-ലെ സി.എസ്.(1) 12682/98 നമ്പർ ഉത്തരവു പ്രകാരമാണ് പ്രസ്തുത സംഘത്തെ നീതി മെഡിക്കൽ സ്റ്റോർ നടത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) കായംകുളം വില്ലേജ് സർവ്വീസ് സഹകരണസംഘം ഉടനെ നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുകയില്ല എന്നുറപ്പായാൽ അപേക്ഷിക്കുന്ന മറ്റൊരു സംഘത്തിനു മാറ്റി നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം ശ്രദ്ധിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം നിയോജകമണ്ഡലത്തിലെ നീതിസ്റ്റോറുകൾ

153 (1820) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയോജകമണ്ഡലത്തിൽ വിവിധ സഹകരണ സംഘങ്ങളിലായി എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവ ഏതെല്ലാം സംഘങ്ങളോട് ചേർന്നാണെന്ന് വിശദ വിവരങ്ങൾ നൽകുമോ ;

(സി) എല്ലാ കൺസ്യൂമർ സഹകരണ സംഘങ്ങളിലും നീതി സ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly